# കേരപോഷകങ്ങളുമായി കർഷക കമ്പനി

## തെങ്ങിന്റെ കരുത്തുറ്റ വളർച്ചയ്ക്കും മികച്ച വിളവിനും ഉതകുന്ന 2 ഉൽപന്നങ്ങളുമായി ഓടനാട് കർഷക ഉൽപാദക കമ്പനി

**അനിതകുമാരി പി., ജീനാ മാത്യു, അൽക്ക ഗുപ്ത, ജിതിൻ ഷാജു**

ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്തിൽ 2016 മുതൽ കേന്ദ്ര തോട്ടവിളഗവേഷണസ്ഥാപനം (സിപിസിആർഐ) വിജയകരമായി നടപ്പാക്കിവരുന്ന കാർഷിക പങ്കാളിത്ത പദ്ധതിയാണ് ഫാർമർ ഫസ്റ്റ്. കൃഷി, സംരംഭകത്വം, മൃഗസംരക്ഷണം, പ്രകൃതിവിഭവ പരിപാലനം, സംയോജിതകൃഷി തുടങ്ങിയ ആറു ഘടകങ്ങളിലായി ആയിരത്തോളം കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ. വനിതാ ഗ്രൂപ്പുകളെ ഉൾപ്പെടുത്തി കേന്ദ്ര തൊഴിലുറപ്പുപദ്ധതിയുമായി സംയോജിച്ച് എള്ള്, മഞ്ഞൾ, ചേന, പഞ്ഞപ്പുല്ല്, തീറ്റപ്പുല്ല് തുടങ്ങി ഒട്ടേറെ കൃഷിമാതൃകകൾ തരിശുഭൂമികളിൽ നടപ്പാക്കി.

പദ്ധതിയുടെ കീഴിൽ നബാർഡിന്റെ ധനസഹായത്തോടെ ഓടനാട് കർഷക ഉൽപാദക കമ്പനി രൂപീകരിച്ച് പത്തിയൂർ പഞ്ചായത്തിൽ നാളികേരാധിഷ്ഠിത സംയോജിതകൃഷി ചെയ്യുന്നവരെ ഉൾപ്പെടുത്തി ഉൽപാദക-ഉപഭോക്തൃ മൂല്യവർധനശൃംഖല ശക്തിപ്പെടുത്തുന്നതിനു ശ്രമം തുടങ്ങി. മികച്ച സാങ്കേതികവിദ്യകൾ കർഷകരിലെത്തിക്കുകയും ഉൽപാദകർക്ക് ന്യായവില ഉറപ്പാക്കുകയും മറ്റു കാർഷികസേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഉൽപാദകകമ്പനിയുടെ പ്രഥമ ലക്ഷ്യം. ഇതിനു മുന്നോടിയായി തെങ്ങിനുള്ള പോഷകവും ജൈവവളവും മൂലകമിശ്രിതവും വാണിജ്യാടിസ്ഥാനത്തിൽ ശാസ്ത്രീയ



മായി ഉൽപാദിപ്പിച്ചു കർഷകരിലെത്തിക്കുകയാണ് ഓടനാട് കർഷക ഉൽപാദക കമ്പനി. സിപിസിആർഐ വികസിപ്പിച്ചെടുത്ത 'കേര പ്രോബയോ' എന്ന ജൈവ ഉൽപന്നം വളർച്ചാപോഷിണിയും ഉപദ്രവകാരികളായ സൂക്ഷ്മജീവികളെ അമർച്ച ചെയ്യാൻ ശേഷിയുള്ളതുമാണ്. സൂക്ഷ്മ മൂലകങ്ങളും പ്രധാന പോഷകമൂലകങ്ങളും



ഉൽപന്നങ്ങളുമായി സിപിസിആർഐയുടെയും കമ്പനിയുടെയും പ്രതിനിധികൾ

അടങ്ങിയ ഉൽപന്നമാണ് 'കൽപ വർധിനി.'

## കേര പ്രോബയോ

കേന്ദ്രതോട്ടവിളഗവേഷണസ്ഥാപനങ്ങളിലെ മൈക്രോബയോളജി ശാസ്ത്രജ്ഞർവികസിപ്പിച്ചെടുത്ത,പൊടിരൂപത്തിലുള്ള ജൈവസൂക്ഷ്മജീവി ഉൽപന്നമാണ് കേര പ്രോബയോ. തെങ്ങിൻതടങ്ങളിൽനിന്നു വേർതിരിച്ചെടുത്ത, സസ്യവളർച്ചയെ ത്വരിതപ്പെടുത്തുന്ന സൂക്ഷ്മജീവിയായ ബാസില്ലസ് മെഗാറ്റീരിയം ആണ് ഇതിന്റെ അടിസ്ഥാനം. ഇത് സസ്യവളർച്ച ത്വരിതപ്പെടുത്തുന്ന ഹോർമോണുകളായ ഓക്സിനുകൾ, ജിബെറെലിനുകൾ എന്നിവ ഉൽപാദിപ്പിക്കുന്നു. മണ്ണിലെ രോഗകാരികളെ അമർച്ച ചെയ്യാനും തെങ്ങിൻതൈകളുടെ കരുത്തുറ്റ വളർച്ചയ്ക്കും തക്കാളി, വഴുതന, മറ്റ് പച്ചക്കറികൾ എന്നിവയുടെ വിളവുവർധനയ്ക്കും ഇതു സഹായകമാണ്.




ഉപയോഗക്രമങ്ങൾ: തെങ്ങിൻ തൈകളുടെ വളർച്ചയ്ക്കും രോഗപ്രതിരോധശേഷിക്കും ഏറെ ഗുണപ്രദമായ കേര പ്രോബയോ 100 ഗ്രാം വീതം തൈ ഒന്നിന്, 3- 4 കിലോ മണ്ണിരക്കമ്പോസ്റ്റ്/ചാണകപ്പൊടി എന്നിവയോടൊപ്പം മണ്ണിൽ ചേർത്തശേഷം തൈ നടാം. അല്ലെങ്കിൽ 500ഗ്രാം കേര പ്രോബയോ 5 ലീറ്റർ വെള്ളത്തിൽ കലക്കിയതിൽ തെങ്ങിൻതൈ 8 മുതൽ 10 മണിക്കൂർ മുക്കിവച്ച ശേഷം ചാണകപ്പൊടിയോ മണ്ണിരക്കമ്പോസ്റ്റോ മണ്ണിൽ ചേർത്തു നടാം. തൈകൾ നട്ട് 3 മാസത്തിനുശേഷം ബൂസ്റ്റർ ഡോസ് ആയി 500 ഗ്രാം 'കേര പ്രോബയോ' 5 ലീറ്റർ വെള്ളത്തിൽ കലക്കി അര ലീറ്റർ വീതം ഓരോ തൈയ്ക്കും നൽകണം.

സിപിസിആർഐയുടെ ഈ ശാസ്ത്രീയശുപാർശകൾതെങ്ങിൻതൈകളുടെ വളർച്ചയും വേരുകളുടെ എണ്ണവും ത്വരിതപ്പെടുത്തിയതായും കരുത്തുറ്റ സസ്യവളർച്ചയ്ക്ക് ഉതകുന്നതായും സിപിസിആർഐ ഭരണിക്കാവ് ബ്ലോക്കിലെ ചുനക്കര, വള്ളികുന്നം, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ 'കേരനന്മ' പദ്ധതിയിലൂടെ കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും ബോധ്യമായി.

## പച്ചക്കറികൾക്കും ഫലപ്രദം

പച്ചക്കറിക്കൃഷിക്കുംകേരപ്രോബയോ ഗുണപ്രദമാണ്. ഒരേക്കർ പച്ചക്കറിക്കൃഷിക്ക് 2 കിലോ കേര പ്രോബയോ, 50 കിലോ മണ്ണിരക്കമ്പോസ്റ്റ് അല്ലെങ്കിൽ ചാണകപ്പൊടിയുമായി കലർത്തി മേൽവളമായി നൽകാം.

ശ്രദ്ധിക്കുക: 'കേര പ്രോബയോ' പായ്ക്കറ്റ് ഉണങ്ങിയ സ്ഥലത്തു സൂര്യപ്രകാശം ഏൽക്കാതെ സൂക്ഷിക്കുക. മണ്ണിരക്കമ്പോസ്റ്റോ ചാണകപ്പൊടിയോ ചേർത്ത് ശുപാർശിത അളവിൽ പ്രയോഗിക്കുക. മണ്ണിൽ ചേർക്കുന്നതിനു മുൻപോ ശേഷമോ നനച്ചുകൊടുക്കുക. കളനാശിനികൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ 'കേര പ്രോബയോ' ഉപയോഗിച്ച് ഒരാഴ്ചയ്ക്കുശേഷംമാത്രംപ്രയോഗിക്കുക. കാലാവധി (6മാസത്തിനുള്ളിൽ) തീരുന്നതിനു മുൻപ് ഉപയോഗിക്കുക ട്രൈക്കോഡെർമയ്ക്കൊപ്പം ഉപയോഗിക്കാൻ നന്ന്.

## കൽപവർധിനി

തെങ്ങിന്റെ കായ്ഫലം വർധിപ്പിക്കാനുള്ള പോഷകമിശ്രിതമാണിത്. പ്രാഥമിക മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവപോലെതന്നെ വിളകൾക്കു പ്രധാനമാണ് ദ്വിതീയ മൂലകങ്ങളും, സൂക്ഷ്മമൂലകങ്ങളും. അവ പ്രദാനം ചെയ്യുന്നു കൽപവർധിനി.

ഉപയോഗരീതി: പൊട്ടാസ്യം, മഗ്നീഷ്യം, സിങ്ക്, ബോറോൺ, സൾഫർ എന്നീ മൂലകങ്ങൾ അടങ്ങിയ കൽപവർധിനി 3 വർഷവും അതിലേറെയും പ്രായമായ തെങ്ങുകൾക്ക് രണ്ടു തവണയായി ആകെ 500 ഗ്രാം ( 250 ഗ്രാം വീതം ഓരോ തവണയും) നൽകാം. വിളവു കൂടാനും വെള്ളയ്ക്ക കൊഴിച്ചിൽ നിയന്ത്രിക്കാനും കൂടുതൽ മച്ചിങ്ങ ഉണ്ടാകാനും സഹായകം.




ഓടനാട് കർഷക ഉൽപാദക കമ്പനി ഇവ രണ്ടും ഉൽപാദിപ്പിച്ച് വിപണിയിലിറക്കുന്നു. കൽപവർധിനികിലോയ്ക്ക് 130 രൂപ, കേര പ്രോബയോ കിലോയ്ക്ക് 100 രൂപ. പാഴ്സലായും എത്തിച്ചു നൽകും. പാഴ്സൽ ചാർജ് അധികമായി നൽകണം. ആവശ്യമുള്ളവർ 9495087242 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക.

*വിലാസം: കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനം, കായംകുളം.*

ഫോൺ: 9387160570